DESPATCHED 24/1/2020

10.1.20

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.387(6)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.4857/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. അപ്പുകുട്ടൻ,
ആശാരി പറമ്പ്,
വാരണം പി.ഒ.,
ചേർത്തല, ആലപ്പുഴ. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
റവന്യൂ ഡിവിഷണൽ ഓഫീസ്,
ആലപ്പുഴ. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10/01/2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 05/05/2018 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 09/05/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/12/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 03/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. അപ്പുകുട്ടൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും നൽകിയില്ല എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാന് തണ്ണീർമുക്കം വടക്ക് വില്ലേജിൽ ബ്ലോക്ക് 25 സർവ്വെ നം. 148/5-1 ൽപ്പെട്ട 09.20 ആർസ് വസ്തു സ്വന്തമായിട്ടുണ്ടെങ്കിലും ആയതിൽ വീട് വച്ച് താമസിക്കുന്നുണ്ടെന്നും മേൽപ്പടി സ്ഥലത്തു നിന്നും കിഴക്കോട്ട് 82 മീറ്റർ നീളത്തിലും 3.20 മീറ്റർ വീതിയിലും തോട് പുറമ്പോക്കുണ്ടെന്നും ആയത് മേൽപ്പടി വില്ലേജിൽ പളനിക്കുട്ടി മകൻ അപ്പുക്കുട്ടന്റെ വസ്തുവിന്റെ തെക്കേ അതിരിലാണെന്നും ആയത് ടിയാൻ വേലികെട്ടി കൈവശപ്പെടുത്തിയിട്ടുള്ളതാണെന്നും മേൽപ്പടി പുറമ്പോക്ക് സ്ഥലം ചേർത്ത് അളന്ന് 20 സെന്റ് പുരയിടം സന്തോഷ് എന്നയാൾക്ക് കൊടുത്തിട്ടുള്ളതായും പോക്കുവരവ് ചെയ്തതായും അറിഞ്ഞു എന്നും ആയതിനാൽ അന്യായമായി

കൈയ്യേറി മറിച്ചു വിറ്റ വസ്തു തിരിച്ചെടുക്കണമെന്നും പോക്കുവരവും പ്രമാണവും റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ട് ടിയാൻ ആലപ്പുഴ റവന്യു ഡവിഷണൽ ഓഫീസർ മുമ്പാകെ ഒരു പരാതി 23.5.2017 തീയതി സമർപ്പിച്ചിരുന്നു എന്നും ആയതുപ്രകാരം താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നുമാണ്.

i. മേൽപ്പടി പരാതിയിന്മേൽ എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്നും
ii. മേൽപ്പടി പരാതി അന്വേഷിക്കാൻ ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയെങ്കിൽ പേര്, പദവി എന്നിവ നൽകണമെന്നും
iii. മേൽപ്പടി ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 23.5.2017 തീയതി സമർപ്പിച്ച പരാതി അടിയന്തിരമായി അന്വേഷണം നടത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ആയത് തണ്ണീർമുക്കം വില്ലേജ് ഓഫീസർക്ക് അയച്ചു നൽകിയിരുന്നു എന്നും മേൽപ്പടി പരാതിയിൽ സ്വീകരിച്ച നടപടി വിവരമാണ് ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് എന്നും ആയതിനാൽ മേൽപ്പടി വിവരാവകാശ അപേക്ഷ ഹർജിക്കാരന് വിവരം നൽകുന്നതിലേയ്ക്കായി വില്ലേജ് ഓഫീസർ തണ്ണീർമുക്കത്തിന് അയച്ചു നൽകിയിരുന്നു എന്നും അക്കാര്യം ഹർജിക്കാരനെ 17.1.2018 തീയതി അറിയിച്ചിരുന്നു എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ പുറമ്പോക്കു തോട് കൈയ്യേറിയിട്ടുണ്ടെന്ന് ആരോപിച്ച് ആലപ്പുഴ ആർ.ഡി.ഒ. മുമ്പാകെ നൽകിയ പരാതി തണ്ണീർമുക്കം വില്ലേജ് ഓഫീസർക്ക് 23.5.2017 തീയതി അയച്ചു നൽകിയിട്ടും ആയതിന്മേൽ തണ്ണീർമുക്കം വില്ലേജ് ഓഫീസർ നാളിതുവരെ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല എങ്കിൽ ആയത് ആലപ്പുഴ ആർ.ഡി.ഒ. അന്വേഷണ വിധേയമാക്കേണ്ടതാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. അപ്രകാരം തന്നെ ഹർജിക്കാരന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ തണ്ണീർമുക്കം വില്ലേജ് ഓഫീസിലേക്ക് അയച്ചു നൽകിയിട്ടും ആയതിന്മേൽ ഹർജിക്കാരന് മറുപടി നൽകിയിട്ടില്ലെങ്കിൽ ആയതും അന്വേഷണ വിധേയമാക്കേണ്ടതാണ്. അപ്രകാരം തന്നെ ഹർജിക്കാരന്റെ പരാതി തണ്ണീർമുക്കം വില്ലേജ് ഓഫീസർക്ക് ആലപ്പുഴ ആർ.ഡി.ഒ. അയച്ചു കൊടുത്തിട്ടും ആയതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെങ്കിൽ ഹർജിക്കാരന് മേൽപ്പടി വിഷയത്തിൽ റവന്യു വിജിലൻസ് മുമ്പാകെയോ വിജിലൻസ് & ആന്റി കറപ്ഷൻ മുമ്പാകെയോ പരാതി നൽകി മറ്റ് നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)